(സി) മഞ്ചേരിയിൽ തുടങ്ങുന്ന സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനത്തിനായി 29-11-2001-ലെ സ.ഉ.(സാധാ) നം.3163/01/ആ.കു.വ. മുഖേന ഭരണാനുമതി നൽകിയിരുന്നുവെങ്കിലും പ്രസ്തുത ഉത്തരവിൽ തുക വക കൊള്ളിച്ചിട്ടില്ലായിരുന്നു. 2-7-2004-ലെ സ.ഉ.(സാധാ) നം. 1803/04/ആ.കു.വ. പ്രകാരം, എസ്റ്റിമേറ്റ് തുകയായ 435 ലക്ഷം രൂപയ്ക്ക് പ്രസ്തുത ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

പ്രൈമറി ഹെൽത്ത് സെന്റർ ആരംഭിക്കാൻ നടപടി

125 [2617] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിലെ പെരുവയൽ പഞ്ചായത്തിൽ പ്രൈമറി ഹെൽത്ത് സെന്റർ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവിടെ പ്രൈമറി ഹെൽത്ത് സെന്റർ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എന്നുമുതൽ ഇതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി ആന്റ് സി) പത്താം പഞ്ചവത്സര പദ്ധതി കാലയളവിൽ (2002-2007) കേന്ദ്ര ഗവൺമെന്റ് കേരളത്തിന് പുതിയതായി പ്രൈമറി ഹെൽത്ത് സെന്ററുകൾ അനുവദിച്ചിട്ടില്ല. അതിനാൽ പുതിയ പി.എച്ച്. സെന്റർ തുടങ്ങാൻ നടപടി സ്വീകരിച്ചിട്ടില്ല. നിലവിലുള്ള നിയമമനുസരിച്ച് പുതിയ പ്രാഥമികാരോഗ്യ കേന്ദ്രം തുടങ്ങുന്നതിന് ഒരു ഏക്കർ സ്ഥലവും ടൈപ്പ് ഡിസൈൻ കെട്ടിടവും കെട്ടിടം പണി കഴിയുന്നതുവരെ പ്രവർത്തിപ്പിക്കുന്നതിന് അനുയോജ്യമായ കെട്ടിടവും, സ്റ്റാഫിന് താമസിക്കുന്നതിനുള്ള ക്വാർട്ടേഴ്സും അതിനോടനുബന്ധിച്ച മറ്റു കാര്യങ്ങളും അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകേണ്ടതാണ്. മേൽപ്പറഞ്ഞ സൗകര്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനം സജ്ജമാക്കിയാൽ പ്രാഥമികാരോഗ്യ കേന്ദ്രം അനുവദിക്കണമെന്ന നിർദ്ദേശം പരിശോധിക്കുന്നതാണ്.

പുന്നപ്ര വടക്ക് പഞ്ചായത്തിൽ പ്രാഥമിക ആരോഗ്യകേന്ദ്രം

126 [2618] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പുന്നപ്ര വടക്ക് പഞ്ചായത്തിൽ പ്രാഥമിക ആരോഗ്യകേന്ദ്രവും ഒരു ആയുർവ്വേദ ആശുപത്രിയും തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly